ഡി-ലിമിറ്റേഷൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം വർദ്ധിപ്പിച്ച വാർഡുകൾ

29 [1715] *ശ്രീ. എ. എ. അസീസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി-ലിമിറ്റേഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ ഓരോന്നിലും എത്ര ഡിവിഷനുകൾ വർദ്ധിച്ചിട്ടുണ്ട്;

(ബി) മുനസിപ്പൽ/കോർപ്പറേഷനുകളിൽ എത്ര വാർഡ്/ഡിവിഷനുകൾ വർദ്ധിച്ചു;

(സി) ഇതുമൂലം സംസ്ഥാന ഗവൺമെന്റിന് അധികമായി ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) സെൻസസ് റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ജനസംഖ്യാ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാൽ പഞ്ചായത്തു കളിലെ ഓരോ നിയോജക മണ്ഡത്തിലെ ജനസംഖ്യയിലും വർദ്ധനവുണ്ടാകും. ആയതിനാൽ ഓരോ നിയോജക മണ്ഡലത്തിലെയും വോട്ടർമാരുടെ എണ്ണം ക്രമാതീതമായി കൂടാതിരിക്കുന്നതിനുവേണ്ടി കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി നിയമങ്ങളിലെ 6-ാം വകുപ്പുകൾക്ക് വരുത്തിയ ഭേദഗതി അനുസരിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡലങ്ങളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	*നിലവിലുള്ളത്*	*വർദ്ധിപ്പിക്കുമ്പോഴുള്ളത്*
ഗ്രാമ പഞ്ചായത്ത്	10-20	12-22
ബ്ലോക്ക് പഞ്ചായത്ത്	10-20	12-22
ജില്ലാ പഞ്ചായത്ത്	15-30	16-32
മുനിസിപ്പാലിറ്റി	20-50	22-50
കോർപ്പറേഷൻ	50-100	52-100

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിലെ നിയോജക മണ്ഡലങ്ങളും നഗരസഭകളിലെ വാർഡുകളും നിർണ്ണയിക്കുന്നതിനും അവയുടെ അതിർത്തികൾ പുനർനിർണ്ണയിക്കുന്നതുമാണ് ഡി-ലിമിറ്റേഷൻ കമ്മിറ്റിയുടെ ചുമതലകൾ.

(സി) പഞ്ചായത്തുകളുടെ അംഗസംഖ്യ വർദ്ധനവുമൂലം ഉദ്ദേശം 1,58,35,000 രൂപ (ഒരുകോടി അമ്പത്തിയെട്ട് ലക്ഷത്തി മുപ്പത്തയ്യായിരം രൂപ മാത്രം) അധിക ചെലവ് പ്രതീക്ഷിക്കുന്നു. എന്നാൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഇപ്രകാരം അംഗസംഖ്യ വർദ്ധിപ്പിക്കുന്നതുമൂലം യാതൊരു അധികച്ചെലവും ഉണ്ടാകുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ്

30 [1716] *ശ്രീ. മത്തായി ചാക്കോ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2004-2005 വർഷത്തിൽ സർക്കാർ വകയിരുത്തിയിരുന്ന തുക എത്രയാണ്;

(ബി) ഈ തുകയിൽ സർക്കാർ അനുവദിച്ചതെത്രയാണെന്നും ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും അനുവദിക്കാതിരിക്കാൻ കാരണമെന്തെന്നും വെളിപ്പെടുത്തുമോ;

(സി) അനുവദിച്ച തുകയിൽ 2005 മാർച്ച് 31-നകം ചെലവഴിക്കാത്ത കാരണത്താൽ തിരിച്ചുപിടിച്ച തുക എത്രയാണെന്നു പറയുമോ?

ഉത്തരം

(എ) 1350 കോടി.

(ബി) 1168.53 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2004-2005-ൽ സർക്കാർ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിഭവ സമാഹരണത്തിൽ വന്ന കുറവുകാരണം പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിൽ കുറവു വരുത്തിയതിനാലാണ് തുക പൂർണ്ണമായും അനുവദിക്കാതിരുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉപാധിരഹിത ഫണ്ട്

31 [1717] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പദ്ധതിയുടെ മൊത്തം അടങ്കലിൽ പ്രാദേശിക സ്വയംഭരണ സർക്കാരുകൾക്ക് എത്ര ശതമാനം നീക്കിവെയ്ക്കപ്പെട്ടിട്ടുണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly